# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME:6.30 PM** **DATE: 19.02.2026**

### പ്രധാനവാർത്തകൾ

1. മാനുഷിക മൂല്യങ്ങൾ ഉൾക്കൊണ്ട്, എല്ലാവരേയും ഉൾച്ചേർത്ത്, നവീകരണത്തിൽ അധിഷ്ഠിതമായ എ ഐ ഭാവിയാണ് സൃഷ്ടിക്കേണ്ടതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. സൗജന്യങ്ങൾ പ്രഖ്യാപിക്കുന്ന രീതി രാജ്യത്തിൻറെ സാമ്പത്തിക വികസനത്തെ ദോഷകരമായി ബാധിക്കുന്നതായി സുപ്രീംകോടതി. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സംസ്ഥാനങ്ങൾ ശ്രമിക്കണമെന്നും കോടതി.

3. മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിനായി സർക്കാർ ഒരുക്കുന്ന വയനാട് മാതൃകാ ടൗൺഷിപ്പിൻറെ ഒന്നാംഘട്ടം ഈ മാസം 25ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

4. കേരളത്തിൽ എസ് ഐ ആറുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം നാളെ. അന്തിമ വോട്ടർ പട്ടിക മറ്റന്നാൾ.

5. സർക്കാർ സേവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉൾനാടൻ ഗോത്ര മേഖലകളിൽ ഒറ്റ മേൽക്കൂരയ്ക്ക് കീഴിൽ ലഭ്യമാക്കുന്ന ട്രൈബൽ ഹബ്ബ് മലപ്പുറത്ത് സജ്ജമായി.

6. കാൻബറയിൽ നടന്ന രണ്ടാം വനിതാ ട്വൻറി-20 യിൽ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയയ്ക്ക് 19 റൺസ് ജയം.

RNUTVPM

## പി എം - എ ഐ

മാനുഷിക മൂല്യങ്ങൾ ഉൾക്കൊണ്ട്, എല്ലാവരേയും ഉൾച്ചേർത്ത് ,നവീകരണത്തിൽ അധിഷ്ഠിതമായ എ ഐ ഭാവിയാണ് സൃഷ്ടിക്കേണ്ടതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഡൽഹിയിൽ ഇന്ത്യ AI ഇംപാക്റ്റ് ഉച്ചകോടിയിൽ ലീഡേഴ്സ് പ്ലീനറിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സാങ്കേതികവിദ്യയും പരസ്പരവിശ്വാസവും കൈകോർക്കുമ്പോൾ, നിർമ്മിത ബുദ്ധിയുടെ വ്യക്തമായ സ്വാധീനം ദൃശ്യമാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. നിർമ്മിതബുദ്ധി, മനുഷ്യരാശിയുടെ പ്രയോജനത്തിനായുള്ള ഇന്ത്യയുടെ വ്യക്തമായ കാഴ്ചപ്പാടാണ് പ്രതിഫലിപ്പിക്കുന്നതെന്നും ശ്രീ.നരേന്ദ്ര മോദി വ്യക്തമാക്കി.

---

## സുപ്രീംകോടതി

സൗജന്യ സൈക്കിൾ, ഭക്ഷണം, വൈദ്യുതി ഉൾപ്പെടെയുള്ളവ പ്രഖ്യാപിക്കുന്ന സംസ്ഥാന സർക്കാരുകളുടെ രീതി രാജ്യത്തിൻറെ സാമ്പത്തിക വികസനത്തെ ദോഷകരമായി ബാധിക്കുന്നതായി സുപ്രീംകോടതി. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ഉൾപ്പെട്ട ബഞ്ചിൻറേതാണ് നിരീക്ഷണം. രാജ്യത്തെ ഒട്ടുമിക്ക സംസ്ഥാനങ്ങളും വരുമാനക്കമ്മി നേരിടുമ്പോഴും സൗജന്യങ്ങൾ പ്രഖ്യാപിക്കാനുള്ള നീക്കമാണ് നടക്കുന്നതെന്ന് കോടതി നിരീക്ഷിച്ചു. സൗജന്യങ്ങൾക്ക് പകരം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് സംസ്ഥാന സർക്കാരുകൾ ശ്രമിക്കേണ്ടതെന്നും കോടതി പറഞ്ഞു.

RNU TVPM

---

## വയനാട് - ടൗൺഷിപ്പ് മുഖ്യമന്ത്രി-ഇൻട്രോ)

മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിനായി സർക്കാർ ഒരുക്കുന്ന വയനാട് മാതൃകാ ടൗൺഷിപ്പിൻറെ ഒന്നാംഘട്ടം പൂർത്തിയായി. ഈ മാസം 25 ന് മുഖ്യമന്ത്രി പിണറായി വിജയൻ ടൗൺഷിപ്പ് ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ് ......**

(വോയിസ്)

---

## മന്ത്രി ഗണേഷ്കുമാർ

കെ എസ് ആർ ടി സി ടെക്നിക്കൽ മുതൽ എല്ലാ തസ്തികകളിലും പ്രമോഷൻ നടപ്പിലാക്കുമെന്ന് മന്ത്രി കെ ബി ഗണേഷ് കുമാർ. അധിക സാമ്പത്തിക ബാധ്യത ഉണ്ടായാലും ഉദ്യോഗക്കയറ്റം നടപ്പിലാക്കും. 150 ലധികം നിയമനങ്ങൾ ഉടൻ നടത്തും. കേരളത്തിലെ ആദ്യ രജിസ്റ്റേർഡ് വെഹിക്കിൾ സ്ക്രാപ്പിംഗ് ഫെസിലിറ്റി നിർമാണോദ്ഘാടനം മലപ്പുറം എടപ്പാൾ റീജിയണൽ വർക്ക് ഷോപ്പിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

❁❁❁❁❁❁❁❁❁❁❁❁❁

## മന്ത്രി ആർ ബിന്ദു

കേരളത്തെ നവ വൈജ്ഞാനിക സമൂഹമാക്കി മാറ്റിയെടുക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി ആർ ബിന്ദു. പ്രധാൻമന്ത്രി ഉച്ചതർ ശിക്ഷ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ സർവകലാശാലയ്ക്ക് ലഭിച്ച 100 കോടി രൂപയുടെ നിർമാണ - നവീകരണപ്രവൃത്തികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖല, നിലവാരത്തിൽ ഏറെ മുന്നിലാണെന്നും ശ്രീമതി ആർ ബിന്ദു പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## എസ് ഐ ആർ

കേരളത്തിൽ എസ് ഐ ആറുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം നാളെ ചേരും. രാവിലെ 11 മണിക്ക് തിരുവനന്തപുരത്താണ് യോഗം. അംഗീകൃത ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും. അതെസമയം, അന്തിമ വോട്ടർ പട്ടിക മറ്റന്നാൾ പ്രസിദ്ധീകരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## ട്രൈബൽ ഹബ്ബ്

സംസ്ഥാനത്തെ ആദ്യത്തെ ട്രൈബൽ ഹബ്ബ് മലപ്പുറം ജില്ലയിലെ ചാലിയാർ പഞ്ചായത്തിലെ വാളാംന്തോട്ടിൽ സജ്ജമായി. ദുർഘട മേഖലയിലുള്ള ആദിവാസി നഗറുകളിൽ സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ വകുപ്പിന് കീഴിൽ അനുവദിച്ച കേരളത്തിലെ ആദ്യത്തെ ട്രൈബൽ വിവിധോദ്ദേശ കേന്ദ്രമാണ് ഇത്. വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും എത്തിപ്പെടാൻ പ്രയാസമുള്ള ഉൾനാടൻ ഗോത്രവർഗ

RNU TVPM

മേഖലകളിൽ ഒരൊറ്റ മേൽക്കൂരയ്ക്ക് കീഴിൽ ലഭ്യമാക്കുക എന്നതാണ് ട്രൈബൽ ഹബ്ബിൻ്റെ ലക്ഷ്യമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു.

---

## ക്വാണ്ടം സയൻസ് (ഇന്ട്രോ)

ഒരു നൂറ്റാണ്ടുകൊണ്ടു ജീവിതത്തെയും പ്രപഞ്ച വിജ്ഞാനത്തെയും മാറ്റിമറിച്ച ക്വാണ്ടം സയൻസിൻറെ വിസ്മയലോകം തുറക്കുന്ന 'ക്വാണ്ടം സെഞ്ചുറി സയൻസ് എക്സിബിഷന്' തിരുവനന്തപുരം ഗവ. വിമൻസ് കോളേജിൽ തുടക്കമായി. ഈ മാസം 24 വരെ തുടരുന്ന പ്രദർശനം മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.........**

(വോയിസ്)

---

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഞായറാഴ്ച. പരിപാടിയുടെ 131-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നാളെ വരെ അറിയിക്കാം.

RNUTVPM

---

## മന്ത്രി ജി.ആർ. അനിൽ

പരാതി പരിഹാരത്തിന് ഉപരിയായി ഉപഭോക്തൃകാര്യ വകുപ്പിനെ ശക്തമായ എൻഫോഴ്സ്മെൻ്റ് ഏജൻസിയാക്കി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി ജി.ആർ. അനിൽ. സംസ്ഥാന ഉപഭോക്തൃകാര്യ വകുപ്പ് സംഘടിപ്പിച്ച ശില്പശാല തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഉപഭോക്തൃ നിയമങ്ങളെക്കുറിച്ചും പരാതി നൽകേണ്ട രീതികളെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കാൻ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടെന്നും മന്ത്രി പറഞ്ഞു.

---

## ഐ.എം.എ- കെ.ജി.എം.ഒ.എ

നെടുമങ്ങാട് ജില്ലാശുപത്രിയിലെ അക്രമസംഭവങ്ങളിൽ സർക്കാരും പൊതുജനങ്ങളും ഡോക്ടർമാരെ ശത്രുപക്ഷത്ത് നിർത്തരുതെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ. ആരോഗ്യസ്ഥാപനങ്ങളിൽ അക്രമവും ഭീഷണിയും സൃഷ്ടിക്കുന്ന പ്രവണതകൾ പൊതുജനാരോഗ്യ സംവിധാനത്തിന് ഗുരുതര ഭീഷണിയാണെന്ന് ഐ.എം.എ മുന്നറിയിപ്പ് നൽകി. സംഭവത്തിൽ കെ.ജി.എം.ഒ.എയും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

---

## ശബരിമല

ശബരിമല സ്വർണഅപഹരണ കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡൻ്റ് എ. പത്മകുമാറിൻ്റെ ജാമ്യഹർജിയിൽ കൊല്ലം വിജിലൻസ് കോടതി നാളെ വിധി പറയും. കട്ടിളപ്പാളി കേസിൽ അറസ്റ്റിലായി 90 ദിവസം കഴിഞ്ഞിട്ടും പ്രത്യേക അന്വേഷണസംഘം കുറ്റപത്രം സമർപ്പിക്കാത്ത സാഹചര്യത്തിൽ സ്വാഭാവിക ജാമ്യം തേടിയാണ് പത്മകുമാർ ഹർജി നൽകിയിരിക്കുന്നത്. നാളെ ജാമ്യം ലഭിച്ചാലും ദ്വാരപാലക ശില്പകേസിൽ റിമാൻഡിൽ തുടരുന്നതിനാൽ പത്മകുമാറിന് ജയിൽ മോചിതനാകാൻ സാധിക്കില്ല.

---

## സിഐഎസ്എഫ് സൈക്ലത്തോൺ-ഇൻട്രോ)

CISF-ൻറെ വന്ദേമാതരം തീരദേശ സൈക്ലത്തോണിനെ സംസ്ഥാന അതിർത്തിയിൽ സ്വീകരിക്കാനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. രാജ്യത്തിൻറെ കിഴക്കൻ തീരത്തും പടിഞ്ഞാറൻ തീരത്തും കൂടിയും രണ്ടു ടീമുകളാണ് വന്ദേമാതരം സൈക്ലത്തോണിൻറെ ഭാഗമായി പര്യടനം നടത്തുന്നത്.

**തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി തയ്യാറാക്കിയ റിപ്പോർട്ട്....**

**(വോയിസ്)**

---

## വനിതാ ക്രിക്കറ്റ്

കാൻബറയിൽ നടന്ന രണ്ടാം വനിതാ ട്വൻറി-20 യിൽ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയയ്ക്ക് 19 റൺസ് ജയം. ആദ്യം ബാറ്റ് ചെയ്ത ഓസ്ട്രേലിയ 5 വിക്കറ്റ് നഷ്ടത്തിൽ 163 റൺസ് നേടി. ഇന്ത്യ 20 ഓവറിൽ 9 വിക്കറ്റിന് 144 റൺസെടുത്തു.

☸☸☸☸☸☸☸☸☸☸☸☸☸

## ക്രിക്കറ്റ്

ICC പുരുഷ ടി20 ലോകകപ്പിൽ ഇന്നത്തെ രണ്ടാം മത്സരത്തിൽ ശ്രീലങ്കയ്ക്കെതിരെ സിംബാബ്‌വെക്ക് 6 വിക്കറ്റ് ജയം. ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക നിശ്ചിത ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 178 റൺസെടുത്തു. മറുപടി ബാറ്റിംഗിനിറങ്ങിയ സിംബാബ്‌വെ 19.3 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 182 റൺ നേടി.

മറ്റൊരു മത്സരത്തിൽ രാത്രി 7 മണിക്ക് ചെന്നൈയിലെ MA ചിദംബരം സ്റ്റേഡിയത്തിൽ അഫ്ഗാനിസ്ഥാൻ, കാനഡയുമായി ഏറ്റുമുട്ടും.

☸☸☸☸☸☸☸☸☸☸☸☸☸

## മഴ മുന്നറിയിപ്പ്

സംസ്ഥാനത്ത് ഈ മാസം 21, 22 തീയതികളിൽ നേരിയ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ന്യൂനമർദവും ചക്രവാതച്ചുഴിയും മൂലമാണ് മഴ മുന്നറിയിപ്പ് നൽകിയിട്ടുള്ളത്.

☸☸☸☸☸☸☸☸☸☸☸☸☸

## അൾട്രാവയലറ്റ്

കേരളത്തിൽ പകൽ താപനില വർധിക്കുന്നു. ഇതോടൊപ്പം അൾട്രാവയലറ്റ് സൂചിക ഉയർന്നതിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ഉയർന്ന ചൂട്, സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് ജാഗ്രത നിർദേശത്തിൽ പറയുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸

☸☸☸☸☸☸☸

☸☸☸☸☸

☸☸☸

☸☸

☸

RNU TVPM